ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യാൻ നടപടി

70 (4354) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാണോ; ഇല്ലെങ്കിൽ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ തുടങ്ങാൻ നടപടി

71 (4355) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ;വിശദവിവരം നൽകുമോ ;

(ബി) ഈ സാമ്പത്തികവർഷം മുതൽ ഒരു കാരുണ്യ മെഡിക്കൽ സ്റ്റോർ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ആദ്യഘട്ടമെന്ന നിലയിൽ ആരംഭിക്കാൻ തീരുമാനിച്ച 35 കാരുണ്യ ഫാർമസികളിൽ നെടുമങ്ങാട് ഉൾപ്പെട്ടിട്ടില്ല. അടുത്ത ഘട്ടത്തിൽ നെടുമങ്ങാട് ജില്ലാ ആശുപത്രികൂടി ഉൾപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly